# സ്പന്ദനം

ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് 2018-19

**എം.എം.എച്ച്.എസ്സ് നരിയമ്പാറ**

# യഥാർഥ ധർമ്മിഷ്ഠൻ

സമ്പന്നനായ വ്യാപാരിയായിരുന്ന ദത്താറാം ഒരു കാര്യം ചെയ്തു എല്ലാ ദിവസവു ചന്തയില് ആളുകള്ക്ക് ഭക്ഷണം വിതരണം ചെയ്യാന് വേലക്കാരെ ഏര്പ്പാടാക്കി. ആ ഗ്രാമത്തില് ഒരു സന്യാസിയിണ്ടായിരിന്നു. ഒരിക്കല് ദത്താറാ സന്യാസിയുടെ അടുത്തെത്തി ചോദിച്ചു. ഗുരോ ഞാന് ചെയ്യുന്നത്ര ദാനധര്മ്മങ്ങള് മറ്റൊരെ ങ്കിലു ചെയ്യുന്നുണ്ടോ? സന്യാസി ഒന്നും മിണ്ടിയില്ല. പകരം മറ്റരു ഭാഗത്തേക്ക് വിരല് ചൂണ്ടി. അതാ, ദത്താറാമിന്െറ ഒരു വേലക്കാരന് ഒരു യാചകന് ഭക്ഷണം നല്ക്കുന്നു. പഴങ്ങളും മധുരപലഹാരങ്ങളുമൊക്കെ ഒരു തളികയില് വച്ചാണ് നല്കുന്നത്.

# <u>ചട്ടമ്പിസ്വാമികള്‍ (1853-1924)</u>

**1853** ഒഗസ്റ്റ് **25** ന് തിരുവനന്തപുരത്ത് ജനിച്ച അദ്ദേഹം കടുത്ത ദാരിദ്ര്യത്തിലാണ് വളര്‍ന്നത്. തൈക്കാട് അയ്യാഗുരുവുമായും സ്വാമി നാഥദേശികനുമായുള്ള പരിചയം വിജ്ഞാനത്തിന്റെ ഖനി തന്നെ അദ്ദേഹത്തിനു പകര്‍ന്നുകൊടുത്തു. ജ്ഞാനം കൊണ്ട് സാക്ഷാല്‍ സ്വാമി വിവേകാനന്ദനെപ്പോലും വിസ്മയിപ്പിച്ച മഹാനാണ് ചട്ടമ്പിസ്വാമികള്‍. അദ്ദേഹം നിരവധി ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. **1924**-ല്‍ സമാധിയായി.

അമൃത പി.ആര്‍
9A

# ഡോ. കെ. രാധാകൃഷ്ണന്

ഇന്ത്യന് സ്പോസ് കമ്മീഷന്, ഐ.എസ് .ആര്.ഒ എന്നിവയുടെ ചെയര്മാന്, ഡിപാര്ട്ടമെന്റ് ഓഫ് സ്പേസിന്റെ സെക്രട്ടറി. **40** വര്ഷമായി ഇന്ത്യന് ബഹിരാകാശരംഗത്ത് പ്രവര്ത്തിക്കുന്ന പ്രമുഖനായ സാങ്കേതിക ശാസ്ത്രജ്ഞന്. തുമ്പയിലെ വിക്രംസാരാഭായ് സ്പേസ് സെന്ററിന്റ മുന് ഡയറക്ടര്. ഇരിങ്ങാലക്കുട സ്വദേശി.

സേതുലക്ഷ്മി കെ. ലാല്
9A

# ഡോ. എം. അണ്ണാദുരൈ

ചൊവ്വാ ദൗത്യം, ഇന്ത്യന് റിമോട്ട് സെന്സ്ങ് എന്നിവയുടെ പ്രോഗ്രാം ഡയറക്ട്. ചന്ദ്രയാന് ദൗത്യത്തിന്െറ പ്രോജക്റ്റ് ഡയറക്ടറായിരുന്നു. ഇന്സാറ്റ് സാറ്റലൈറ്റ്പരമ്പര ആസൂത്രണം ചെയ്തു നടപ്പാക്കിയത് ഇദ്ദേഹമാണ്.

# ഡോ.പല്പ്പ(1863-1950)

**1863**-ല് തിരുവനന്തപുരത്ത് ജനിച്ച പല്പ്പ **1884**-ല് വൈദ്യശാസ്ത്രം പഠിക്കാന് പ്രവേശനം നേടിയെങ്കിലും ജാതിയുടെ പേര് പറഞ്ഞ് അത് നിഷേധിക്കപ്പേട്ടു. പിന്നീട് മദ്രാസില് നിന്ന് മെഡിക്കല് ബിരുദം നേടിയ ശേഷം തിരുവിതാംകൂറില് ഉദ്യോഗത്തിന് അപേക്ഷിച്ചെങ്കിലും അതും നിരസിക്കപ്പെട്ടു . ഈഴവസമുദായം അനുഭവിക്കുന്ന കൊടിയ അനീതികളെയും അവഗണനകളെയും തുറന്നു കാട്ടുന്ന ഒട്ടേറെ ലേഖനങ്ങള് ഡോ. പല്പ്പ എഴുതി. ഡോ. പല്പ്പ **1950**-ല് അന്തരിച്ചു.

# ഡോ.എസ്. കെ ശിവകുമാര്

ഐ.എസ്.ആര്.ഒ സാറ്റലൈറ്റ് സെന്ററര് ഡയറക്ടര്. ടെലിമട്രി ട്രാക്കിങ് ആന്റ് കമാന്റ് നെറ്റവര്ക്കിന്െറ തലവനായി പ്രവര്ത്തച്ചിട്ടുണ്ട്. ഐ. എസ്.ആര്.ഒയുടെ സാറ്റലൈറ്റുകള് രൂപകല്പന ചയ്യുന്ന ദൗത്യ ഇദ്ദേഹത്തിന്േറതാണ്. ചന്ദ്രയാന്-1 ദൗത്യത്തില് ഇന്തന് ചീപ് സ്പേസ് നെര്ര് വര്ക്ക് ഉപയോഗിച്ചു നിയന്ത്രിക്കുന്ന സംവിധാനം രൂപകല്പ്നചയ്തു.

# ലഘുഉപന്യാസം

ആധുനിക കവിത്രയത്തില്പ്പെട്ട കവിയായിരുന്നു ഉള്ളൂര് എസ് പരമോശ്വരന്. മാഹാകാവ്യം, ഖണ്ഡകാവ്യങ്ങള്, ലഘുകവിതകള്, സാഹിത്യചരിത്രം നറോഷണ പ്രബന്ധങ്ങള് എന്നിങ്ങനെ ഉള്ളൂരിന്െറ സംഭാവനകള് അതിവിപുലമാണ്. മഹാകാവിയായ പണ്ഡിതന്  കൂടിയായിരുന്നു അദ്ദേഹം

# മഹാത്മാ അയ്യങ്കാളി(1863-19410)

**1863** ഓഗസ്റ്റ് **28-**ന് നെങ്ങാന്നൂരിലാണ് അയ്യങ്കാളി ജനിച്ചത്. പിറന്ന അദ്ദേഹത്തിന് സാമൂഹികമായ അസമത്വങ്ങളും ജാതീയമായ വേര്തിരിവുകളും ഏറെ അനുഭവിക്കേണ്ടിവന്നു. **1907**-ല് അയ്യങ്കാളി സാധുജനപരിപാലനസംഘം രൂപീകരിച്ചു. **1937**-ല് കേരളത്തിലെത്തിയ ഗാന്ധിജി അയ്യങ്കാളിയുമായി കൂടിക്കാഴ്ച നടത്തി.ഹരിജനങ്ങള്ക്ക് കേരള സമൂഹത്തില് മാന്യമായസ്ഥാനം നേടിക്കൊടുത്ത അയ്യങ്കാളി **1941** ജൂണ്**18** ന് അന്തരിച്ചു.

# എസ്. അരുൺ

മാഴ്സ് ഓര്ബിറ്റര് മിഷന്റെ പ്രോജക്റ്റ് ഡയറക്ടര്. മാഴ്സ് ഓര്ബിറ്റര് വികസിപ്പിച്ചത് ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്.

# ശ്രീ നാരായണഗുരു(1885-1928)

കേരള നവോത്ഥാനത്തിന്െറ പിതാവ് എന്ന് വിശേഷിപ്പിക്കപെടുന്ന വ്യക്തിയാണ് ശ്രീ നാരായണഗുരു. തിരുവനന്തപുരത്തിനടുത്ത് ചെമ്പഴന്തിയെന്ന ഗ്രാമത്തില് **1885**-ലാണ് നാരായണഗുരുവിന്െറ ജനനം. തമാഴ്, സംസ്കൃതം, മലയാളം എന്നി ഭാഷകളില് അഗാതമായ പാണ്ഡിത്യമുണ്ടായിരുന്നു ഗുരുവിന്. സാമൂഹിക നവോത്ഥാനത്തിനും ദുരാചാരങ്ങളുടെ നിര്മാര്ജനത്തിനുമായ് **1903** ല് ഗുരു രൂപം നല്കിയ സംഘടനയാണ് ശ്രീ നാരായണധര്മപരിപാലന യോഗം(എസ്.എന്.ഡി.പി). കേരളത്തിന്െറ സാമൂഹിക പരിഷ്കരണത്തിനും മാനവസാഹോദര്യത്തിനും വേണ്ടി സ്വന്തം ജീവിതം തന്നെ സമര്പ്പിച്ച ശ്രീ നാരായണഗുരു **1928** സെപ്റ്റംബര് **20**-ന് വര്ക്കലയില്വച്ച് സമാധിയായ്.

# തൈക്കാട് അയ്യാഗുരു(1814-1909)

**1814**-ല് ജനിച്ച അദ്ദേഹത്തിന്റെ ആദ്യത്തെ പേര് സുബ്രഹ്മണ്യം എന്നായിരുന്നു. കൗമാരത്തിലേ വീട്ടുവിട്ടിറങ്ങിയ അദ്ദേഹം ഒട്ടേറെ ദേശങ്ങളിലൂടെ സഞ്ചരിച്ചു. തിരികെയെത്തിയപ്പോള് ശിവരാജയോഗി അയ്യാസ്വാമികള് എന്ന പേരു സ്വീകരിച്ചു. ജാതിവ്യവസ്ഥയാണ് സാമൂഹികജീര്ണതയുടെ പ്രധാന കാരണമെന്ന് അദ്ദേഹം കരുതി. വിഗ്രഹാരാധനയെയും അദ്ദേഹം എതിര്ത്തു. **1909**-ല് അയ്യാഗുരു സമാധിയായി.

# അന്ധതയും അനാഥത്വവും

ഒരു പുലരി വിടരുമോ എന്‍മനസ്സില്‍
ഈ അന്ധജീവിതം മാറുമോ
ഈ ലോകം എനിക്ക് കാണാന്‍ കഴിയുമോ
എന്തിനുവേണ്ടി ഈ ജന്മമെന്‍ ദൈവമേ
വിദ്യാലയാങ്കണം കാണാന്‍ കഴിയുമോ
കൂട്ടുകാരുമൊത്ത്  കളിക്കാന്‍ കഴിയുമോ
എന്‍  മാതാപിതാക്കളെവിടെ
അവരെയൊരു നോക്കു കാണാന്‍ കഴിയുമോ
എന്നെ വിട്ടെറിഞ്ഞവരെ ഞാന്‍ ഇന്നും സ്നേഹിക്കുന്നു.
അവരെന്നരികില്‍ ഇനിയും വരുമോ
എന്‍ കാഴ്ച്ചയെന്നു തിരിച്ചു കിട്ടും
ഈ അന്ധമാം ജീവിതമെന്തിന്‍ ദൈവമേ
എന്‍ സ്വപ്നങ്ങള്‍യാഥാര്‍ഥ്യമാകുമോ
ഈ അന്ധത മാറുമോ
ഈ അന്ധകാരത്ത മായ്ക്കുന്ന ഒരു  പുതു
സൂര്യോദയത്തിനായി ഞാന്‍ കാത്തിരിക്കുന്നു.

പാര്‍വ്വതി ശ്രീ ക്കുമാര്‍
9A

# എന്നോട്ട് കളിച്ചാല്

തമാശക്കാരന് കുപ്പ  കാറോടിച്ചു പോകുമ്പോള് അതാ കൈനീട്ടുന്നു പോത്തന് എസ്.ഐ.

"ഹമ്മേ.... നിസാര കാര്യത്തിന് പലതവണ പിഴ അടിച്ച ദുഷ്ടണല്ലേ അത്. ഇത്തവന അയാളെ ഒരു പാഠം പഠിപ്പിക്കണം."

കുപ്പ കാര് നിര്ത്തിയതും എസ്.ഐ അലറി:

"ഓവര് സ്പീഡാണല്ലോ! ഇറങ്ങിവാടാ  എടുക്കടാ ലൈസന്സു ബുക്കും പേപ്പറും"

"സാറേ, ലൈസന്സില്ല ബുക്കില്ല പേപ്പറില്ല. ഇത് ഞാന് മോഷ്ടിച്ച കാറാ!"കുപ്പ പറഞ്ഞു.

"ഹ..ഹ..അങ്ങനെ സത്യം പറ! ആരാടാ ഇതിന്െറ ഉടമസ്ഥന്?"

പോത്തന് എസ് . ഐ സന്തോഷത്തോടെ ചോദിച്ചു അപ്പോള് കുപ്പ വിറച്ചു കൊണ്ട് പറഞ്ഞു. "ഉടമസ്ഥനെ ഞാന് തട്ടിക്കളഞ്ഞു സാറേ, ഡിക്കിയിലിട്ടിട്ടുണ്ട്."

പോത്തനൊന്നു ഞെട്ടി .ഉടനെ ഫോണെടുത്ത് മേലുദ്യോഗസ്ഥരെ വിവരമറിയിച്ചു. അവര് ജീപ്പില് പാഞ്ഞെത്തി. ജീപ്പില് നിന്നും ചാടിയിറങ്ങിയ ഡി.വൈ.എസ് പി കുപ്പവിനോട് പറഞ്ഞു.

"ഡിക്കി തുറക്ക"

കുപ്പ ഉടന് ഡിക്കി തുറന്നു. അതില് സ്റ്റെപ്പിനിയും ജാക്കിയും മാത്രം!

"ലൈസന്സും ബുക്കും പേപ്പറുമുണ്ടോ?"

ഡി.വൈ.എസ്.പി ചോദിച്ചു.

"എല്ലാമുണ്ട് സര്!" കുപ്പ രേഖകളെല്ലാം ഡി.വൈ.എസ്. പിയെ കാ ണിച്ചു. അപ്പോള് എസ്.പി "പറഞ്ഞു നിങ്ങള് പൊയ്ക്കോളു." ഡി.വൈ.എസ്.പിയും തമ്മില് ഒരു നിമിഷം എന്തോ സംസാരിച്ചു പിന്നെ ഡി.വൈ.എസ്.പി എസ്.പി പോലീസുകാരോട്ടു പറഞ്ഞു "എസ്.ഐ പോത്തനെ ഉടന് മെന്റല് ഹോസ്പിറ്റലിലാക്കും അയാളുടെ തലയാക്ക് എന്തോ കുഴപ്പമുണ്ട്!"

പോലീസുകാരുടെ പിടിയില് ഉറക്കെ നിലവിളിക്കുന്ന പോത്തന് എസ്.ഐയ്ക്ക് ഒരു കള്ള നോട്ടവും, കള്ളച്ചിരിയും സമ്മാനിച്ച് കുപ്പ സ്വന്തം കാറിനു നേരെ നടന്നു.

ശാന്തിപ്രിയ

9A

# കിച്ചനും പാണ്ടനും

മഹാ വഴക്കാളിയായിരുന്നു കിച്ചന് പൂച്ച. അവന് കാമിന്നവരോടൊക്കെ വഴക്കടിക്കും. ഒരു ദിവസ കിച്ചന് വഴിയിലൂടെ നടന്ന് പോവുകയായിരുന്നു. അപ്പോഴാണ് പിമ്മു മുയല് അതുവഴി വന്നത്. കിച്ചന് പിമ്മുവിന വഴിയില് തടഞ്ഞു നിര്ത്തി. എന്നിട്ട്   ഒറ്റയടി! പാവം പിമ്മു അവന് കരഞ്ഞുകൊണ്ട് ഓടിപ്പോയി. അടിത്തുള്ള മരത്തിലിരുന്ന കുപ്പന് കുരങ്ങന് ഇതെല്ലാ കാണുന്നുണ്ടായിരുന്നു. 'ഹും ,കിച്ചനെ ഒരു പാഠം പടിപ്പിക്കനം'.

''കിച്ചാ, നാട്ടില് പുതിയയൊരു പാണ്ടന് നായ വന്നിട്ടുണ്ട്. വലിയ ശക്തനായണെന്നാ അവന്റെ വിചാരം.” കേള്ക്കേണ്ട താമസം കിച്ചന് പൂച്ച നേരെ പാണ്ടന്റെ അടുത്തേക്ക പാഞ്ഞു. പാണ്ടനെ കണ്ടതും കിച്ചന് അവന്റെ നേരെ ചാടി വീണു. പാണ്ടന് വിട്ടുകൊടുക്കുമോ? അവന് കിച്ചന് നല്ല ഇടി ക്കൊടുത്തു. വേദന സഹിക്കാന് വയ്യാതെ കിച്ചന് ''ഹയ്യോ ....''എന്ന് നിലവിളിച്ചുകൊണ്ട് അവിടുന്ന് ഓടിപ്പോയി. പിന്നീട്  ആ പ്രദേശത്ത് ആരും കിച്ചന് പൂച്ചയെ കണ്ടിട്ടില്ല.

സേതു ലക്ഷ്മി

9A

# കെ.കേളപ്പന് (1889-1971)

**1889** ഓാഗസ്റ്റ് **24**-ന് കോഴിക്കോട് പയ്യോളിക്കടുത്ത മുചുകുന്നിലാണ് അദ്ദേഹം ജനിച്ചത്. മലബാര് കലാപം ഇല്ലാതാക്കാന് നടത്തിയ ശ്രമങ്ങളെത്തുടര്ന്ന് പൊലീസ് അദ്ദേഹത്തെ ജയിലിലിലടച്ചു.

അങ്ങാടിപ്പുറം തളിക്ഷത്ര സമരടക്കം ഒട്ടേറെ പ്രക്ഷോഭങ്ങളില് സജീവമായ പങ്കാണ് കേളപ്പന് വഹിച്ചത്. സാമൂഹികപ്രവര്ത്തനത്തെ നിസ്വാര്ഥസേവനമായി കണ്ട അദ്ദേഹം പത്മ ശ്രീ ബഹുമതി പോലും നിരസിച്ചു. **1971** ഒക്ടോബര് **7** കേരളീയരുടെ പ്രിയപ്പെട്ട കേളപ്പജി മരണത്തിനു കീഴടങ്ങി.

# ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്_

# (1805-1871)

“കന്നിതന്റെ ദേഹമൊക്കെ
ചീന്തിയവര് പാളിച്ചിട്ടു
ചിന്തി വീഴും ചോര കൊണ്ടു
കുതിര്ത്തു ഭൂമി
വെള്ളിപോലെ വെളുത്തുള്ള
കന്നി തന്റെ  പല്ലുകളെ
വല്ലിയൊരു ചുറ്റികയാല്
തല്ലി വീഴിച്ചു.
പുണ്യമാര്ന്ന കാലുകയ്യിന്
നഖങ്ങളെ പറിപ്പിച്ചു
തണ്യവാന് ലജ്ജയില്ലാതെ
പിന്നെയും കോപാല് "

(*അനസ്താസിയയുടെ രക്തസാക്ഷ്യം -ചാവറയച്ചന്*)

***1805*** ഫെബ്രുവരി  പത്തിന് ആലപ്പുഴ ജില്ലയിലെ കൈനകരിയില് അദ്ദേഹം ജനിച്ചു. പള്ളിയോടൊപ്പം പളലിക്കൂടവും സ്ഥാപിക്കണമെന്നത് അദ്ദേഹത്തിന്റെ ആഗ്രഹവും നിര്ബന്ധവുമായിരുന്നു. അങ്ങനെ ചെയ്യാത്ത പള്ളികള്ക്ക്

മടക്ക് ത്തല്പ്പിക്കാനും അദ്ദേഹം മടിച്ചില്ല.

സവര്ണവര്ഗത്തിന്െറ നലിയ എതിര്പ്പ് ഏറ്റുവാങ്ങിയ തീരുമാനമായിരുന്നു അത്. ഇറ്റാലിയന്, ഇംഗ്ലിഷ്, പോര്ച്ചുഗീസ്, സുറിയാനി, മലയാളം, തമിഴ് തുടങ്ങിയ ഭാഷകള് ചാവറയച്ചന് അനായാസം വഴങ്ങുമായിരുന്നു.

ആത്മാനുതാപം, അനസ്താസിയയുടെ രക്തസാക്ഷ്യം, ധ്യാനസല്ലാപങ്ങള് തുടങ്ങി ഒട്ടേറെ കൃതികള് അദ്ദേഹത്തിന്േറതായുണ്ട്.**1831**-ല് അദ്ദേഹം തുടങ്ങിയ സഭയാണ് പില്ക്കാലത്ത് സി.എം. ഐ സഭയായത്. **1871** ജനുവരി മൂന്നിന് ചാവറയച്ചന് അന്തരിച്ചു. **1986**-ല് മാര്രോപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

# ജയിലിലെത്തി

പണ്ടൊരു നാട്ടില് അന്തപ്പായി എന്നൊരു കുഴിമടിയനുമായിരുന്നു. പക്ഷേ, പണിയെടുക്കാത ആഹാരം കഴിക്കാന് പറ്റുമോ? അതിന് അന്തപ്പായി ഒരു സൂത്രം കണ്ടെത്തി. എന്തെങ്കിലും കുറ്റം ചെയ്ത് ജയിലില് കിടക്കുക! ജയിലില് കുറ്റവാളികള്ക്ക് മുടങ്ങാതെ ആഹാരം കിട്ടുമല്ലോ!

അതു ആലോചിച്ച് നടക്കുമ്പോള് അന്തപ്പായി ആ കാഴ്ച കണ്ടു: കുറച്ചകലെ നല്ല ലക്ഷണമൊത്ത ഒരു കുതിരയെയും കൊണ്ട

ഒരാള് നടക്കുന്നുണ്ട്. കുതിരയുടെ ഉടമസ്ഥനാകും. ഇതിനെ മോഷ്ട്ടിക്കാം! എങ്കില് ജയിലിലാവുമെന്ന് ഉറപ്പ് !
അന്തപ്പായി വേഗം കുതിരയുടെ അടുത്തെത്തി. എന്നിട്ട് കുതിരയുടെ കയറില് പിടിച്ചു. പെട്ടെന്ന് ഉടമ അന്തപ്പായുടെ കാല്ക്കല് വീണു പറഞ്ഞു:
"എന്നോടു ക്ഷമിക്കണേ... ഇത് അങ്ങയുടെ കുതിരയാണെന്ന് അറിഞ്ഞില്ല.."
അതു കണ്ടുകൊണ്ട് രണ്ടു രാജഭടന്മാര് വരുന്നുണ്ടായിരുന്നു. കുതിരയെ മോഷ്ടിച്ച കള്ളനെ അവര് ജയിലിലാക്കി.
കള്ളനെ പിടിച്ച കുഴിമടിയന് അന്തപ്പായിക്ക് രാജാവ് ജയിലിലെ കാവല്ക്കാരനായി ജോലിയും കൊടുത്തു!

ആര്യ സജി
9D

## തക്കുവിന് ഒാറ സഹായം

കമലയും വിമലയും ചങ്ങാതിമാരാണ്. ഒരിക്കല് അവര് പുഴക്കരയിലൂടെ നടക്കുകയായിരുന്നു. ആ സമയം മണിയനുറുമ്പും അവിടെ ഉണ്ടായിരുന്നു. മണിയനുറുമ്പിന് അക്കരെ എത്തേണമായിരുന്നു. എന്നാല് മണിയന് പുഴയില് ഇറങ്ങാന് കഴിയില്ലായിരുന്നു. അവന് കൊക്കിനോടും , മരം ക്കൊത്തിയോടുമെല്ലാം അക്കരെയെത്താന് സഹായം ചോദിച്ചു. എന്നാല് ആരും അവനെ സഹായിച്ചില്ല. അവന്

പുഴക്കരയിലിരുന്ന് കരയാന് തുടങ്ങി. മണിയന്റെ സങ്കടം കണ്ടിട്ട് തക്കു ആമ അവന്റെ അടുത്ത് ചെന്ന് കാര്യം തിരക്കി. കാര്യങ്ങളെല്ലാം മണിയന് തക്കുവിനോട് പറഞ്ഞു. തക്കു മണിയനെ അക്കരെയെത്തിക്കാന് സഹായിക്കാം എന്ന് പറഞ്ഞു. മണിയന് സന്തോഷമായി.

ലിയ മോള് തോമസ്.

9A

## കേരളത്തിന്റെ അഭിമാനസ്തംഭങ്ങളായ നവോത്ഥാനനായകരെക്കുറിച്ചുളള വിവരങ്ങൾ

നടപ്പാതകള്ക്കുപോലും ജാതിവ്യത്യാസമുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു നമുക്ക് .ദലിതര്ക്ക് സവര്ണരുടെ വഴികള് വിലക്കപ്പെട്ടിരുന്ന കാലം! അന്ന് ക്ഷേത്രകവാടങ്ങള് പോലും അവര്ണന്നു മുന്നില് തുറന്നിരുന്നില്ല. വിദ്യാഭ്യാസം മേല്ജാതിക്കാര്ക്കുമാത്രം. അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും കൊടികുത്തിവാണ അന്നത്തെ കേരളീയസമൂഹത്തെ 'ഭ്രന്താലയം' എന്നാണ് സ്വാമി വിവേകാനന്ദന് വിശേഷിപ്പിച്ചത്.

# നവോത്ഥാന നായകന്മാർ

* ശ്രീ നാരായണഗുരു
* ചട്ടമ്പിസ്വാമികള്
* മഹാത്മാ അയ്യങ്കാളി
* ഡോ. പല്പ്പു
* വക്കം മൗലവി
* ചാവറയച്ചന്
* സഹോദരന് അയ്യപ്പന്
* കെ. കേളപ്പന്
* മന്നത്തു പത്മനാഭന്
* വി.ടി ഭട്ടതിരിപ്പാട്

## മംഗൾയാൻറ ശില്പികൾ

* ഡോ. കെ. രാധാകൃഷ്ണന്
* ഡോ.എം. അണ്ണാദുരൈ
* എസ്. അരുണ്
* ഡോ. എസ്. കെ. ശിവകുമാര്
* ഡോ.എം. ചന്ദ്രദത്തന്
* ഡോ. വി. കേശവരാജ
* പി. കുഞ്ഞികൃഷ്ണന്

# മന്നത്ത് പദ്മനാഭൻ(1878-1970)

നായര് സമുദായത്തിന് നിലനിന്നിരുന്ന അന്ധവിശ്വാസങ്ങള്ക്കും അനാചാരങ്ങള്ക്കുമെതിരെ പോരാടിയ നവീകരണത്തിനു തുക്കം കുറിച്ച മഹാനാണ് മന്നത്തു പദ്മനാഭന്. ചങ്ങനാശേരിയില പെരുന്നയില് **1878** ജനുവി രണ്ടിനാണ് അദ്ദേഹം ജനിച്ചത്.
കേരള നവോത്ഥാനനായ കരില് മുന് നിരത്തിലുള്ള മന്നത്ത 'ഭാരതകേസരി' എന്ന ബഹുമതി നല്കിയാണ് രാഷ്ട്ടം ആദരിച്ചത്. രാഷ്ട്ര്പതി ഡോ. രാജേന്ദ്രപ്രസാദ് അദ്ദേഹത്തിനു ഈ ബഹുമതി സമ്മാനിച്ചു. **1970** ഫെബ്രുവരി **25**-നാണ് മന്നത്തുപദ്മനാഭന് അന്തരിച്ചു.

# മീനുകളും കൊക്കുകളും

ഒരു കുളത്തില് കുറേ മീനുകള് ജീവിച്ചിരുന്നു. ഒരു ദിവസം കുറേ കൊക്കുകള് അവിടയത്തി.

"ഹായ് ഈ കുളത്തില് ലിറയ മീനാണല്ലോ!",കൊക്കുകള് ആ കുളക്കരയില് താമസിക്കാന് തീരുമാനിച്ചു. കൊക്കുകള് ദിവസവു മീനുകളെപിടിച്ച് തിന്നാന് തുടങ്ങി. അവര പേടിച്ച് മീനുകള്ക്ക് ജീവിക്കാന് കഴിയാതെയായി.

"ഇങ്ങനെതോയാല് നമ്മളെല്ലാം കൊക്കുകളുട വയറ്റിലാകും.ഇതിന് ഒരു പരിഹാരം കാണണം!",മീനുകള് തീരുമാനിച്ചു. അവര് കൂട്ടുക്കാരനായ തവളയുടെ സഹായ തേടി.

"ഒരു വഴിയുണ്ട്. നാളെല്ലാം ചത്തതു പോലെ അനങ്ങാതെ കിടക്കണം. ബക്കികാര്യം ഞാനേറ്റു!",സൂത്രക്കാരന് തവള പറഞ്ഞു. പിറ്റേന്ന് കൊക്കുകള് വന്നപ്പോള് തവള പറഞ്ഞു: "അയ്യോ, ഈ കുള്തില മിനുകളെ തിന്നില്ലേ. അവര്ക്ക് വലിയൊരു രോഗം

വന്നിട്ടുണ്ട് !” കുളത്തിലേക്ക് നോക്കിയ കൊക്കുകള് ഞെട്ടി.

മീനുകളെല്ലാം അവിടെ ചത്തതു പോലെ അനങ്ങാതെ കിടക്കുന്നു. 'ഇവരെ തിന്നാല് ജീവന് അപകടത്തിലാകും !', അവര് കരുതി. കൊക്കുകള് വേഗം മറ്റൊരു സ്ഥലം തേടിപ്പോയി.

അങ്ങനെ മീനുകള് രക്ഷപ്പെട്ടു. തങ്ങളുടെ ജീവന് രക്ഷിച്ച തവളയോട് മീനുകള്  നന്ദി പറഞ്ഞു. ആപത്തില് സഹായിക്കുന്നവരാമണ് യഥാര്ഥ കൂട്ടുകാരെന്ന് അവര്ക്ക് മനസ്സിലായി.

അമൃത 9A

## <u>വക്കം മൗലവി**(1873-1932)**</u>

കേരളം കണ്ട ധീരണായ പത്ര പ്രവര്ത്തകനന് സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയ്ക്കു പിന്നില് അചഞ്ചലനായി നിലകൊണ്ട ഒരു പത്രയുടമയുണ്ടായിരുന്നു. രാജഭരണത്തെയടക്കം കടന്നാക്രമിച്ച രാമകൃഷ്ണപിള്ളയ്ക്ക് എല്ലാ പിന്തുണയും നല്കിയ ആ പത്രമുടമയാണ് വക്കം അബ്ദുല് ഖാദര് മൗലവി. 'സ്വദേശാഭിമാനി'എന്ന ഉജ്ജ്വലമായ പ്രസിദ്ധികരണം തുടങ്ങിയത് മൗലവിയായിരുന്നു.

സമൂഹത്തിലെ അന്ധവിശ്വാസങ്ങള്ക്കും അനാചാരങ്ങള്ക്കും പൗരോഹിത്യവാഴ്ച്ചയ്ക്കുമെതിരെ ധീരമായി പോരാടിയതിനൊപ്പം രാജഭരണത്തെയും അദ്ദേഹം രൂക്ഷമായി വിമര്ശിച്ചു. മുസിലിം വാര്ത്താ പത്രക, അല് ഇസ്ലാം, ദീപിക തുടങ്ങിയ പ്രസിദ്ധീകരണങ്ങളും അദ്ദേഹം തുടങ്ങി. മുസ്ലിം

സമുദായത്തിന്െറ നാവീകരണത്തിനും ഐക്യത്തിനുമായി അദ്ദേഹം തുടങ്ങിയ പ്രസ്ഥാനങ്ങളാണ് അഖില തിരുവിതാംകൂര് മുസ്ലിം മഹാജനസഭ, ഐക്യമുസ്ലിം സംഘം എന്നിവ. നിരവധി ലേഖനങ്ങളും പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. **1873**-ല് ജനിച്ച അദ്ദേഹം **1932**-ല് അന്തരിച്ചു.

## വി.ടി ഭട്ടതിരിപ്പാട്(1896-1982)

നമ്പൂതിരിസമുദായത്തില ജീര്ണതകള്ക്കെതിരായി പോരാടിയ വി.ടി പൊന്നനി താലൂക്കിലെ തൃത്താലയില് **1896** മാര്ച്ച് **26-**നാണ് ജനിച്ചത്. ഉണ്ണിനമ്പൂതിരിക്കു പുറമെ'പാശുപത'എന്ന പത്രത്തിലും വി.ടി എഴുതി. അദ്ദേഹത്തിന്െറ ആദ്യകഥയായ 'വിഷുക്കൈനേട്ടം' ഇതിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്. കേരളത്തയാകെ ഇളക്കിമറിച്ച 'അടുക്കളയില്നിന്ന് അരങ്ങത്തേക്ക്'എന്ന നാടകത്തിനുശേഷം 'കരിഞ്ചന്ത'എന്നൊരു നാടകവും അദ്ദേഹം എഴുതി.

വി.ടിയിടെ ആത്മകഥയാണ് 'കണ്ണീരും കിനാവും'. **1971** ല് ഇതിന് കേരള സാഹിത്യ അക്കാദമി അവാര്ഡ് ലഭിച്ചു.
**1982** ഫെബ്രുവരി **12-**ന് വി.ടി. ഭട്ടതിരിപ്പാട് അന്തരിച്ചു.

# വെള്ളം

ഒരു കുടം വെള്ളത്തിനായ് അവള് അലയുന്നു

ഭ്രൂമുഖത്ത് എങ്ങും എവിടെ എന് ദാഹശമനിയായ്

ഒരു കവില് വെള്ളം. വെള്ളംത്തിനായി

എന് നാവ് തുടിക്കുകയാണ്. വെള്ളത്താല്

നിറഞ്ഞ് ചുറ്റപ്പെട്ടിരുന്ന ഈ സ്ഥലങ്ങള്

മരുഭൂമി സാമനമായ് തീര്ന്നു. ഇപ്പോള്
ജലത്തിനുവേണ്ടി. അലയുകയാണ്
എന് കണ്ണീര്മാത്രമേ.എന്റെ ദാഹമകറ്റുവാന്
ഇനിയുള്ളു. പക്ഷേ, പ്രകൃതിയുടെ കോപമാം
ചൂടിനാല്. അതും നിര്ജീവിമായി പോകുമോ
വെള്ളമില്ലാതെ എങ്ങനെ ഈ ഭൂമിയില്
വരും കാലം മാനവര് ജീവിക്കും .ആരോ
ഉച്ചരിച്ചതു പോലെ വരും കാലങ്ങളില് സ്വന്തം
ജീവനു വേമണ്ടി നാം ഈ അമൂല്യമാം ധനത്തിനും
സാമാനം സംരക്ഷികേണം നാം അതു നമ്മുടെ
കടമയും കര്തവ്യവുമല്ലോ...!

പ്രശാന്ത് പി.എസ്
9A

# സഹോദരൻഅയ്യപ്പൻ (1890-1968)

ചെറായി കുമ്പളത്തുപറമ്പില് വീട്ടില് തൊച്ചാവു വൈദ്യന്റെ മകന് അയ്യപ്പന് എന്നു പില്ക്കാലത്ത് അറിയപ്പെട്ട സാമൂഹിക പരിഷ്കര്ത്താവ്.

വിട്ടുവീഴ്ചയില്ലാത്ത യുക്തിവാദിയും ജാതിനിഷേധിയുമായിരുന്ന സഹേദരന് അയ്യപ്പന് **1890** ഒഗസ്റ്റ് **21**-നാണ് ജനിച്ചത്.ശ്രീ

നാരായണഗുരുവും ചട്ടമ്പിസ്വാമികളും അടക്കമുള്ള വലിയ മനുഷ്യര് വന്നെത്തിയിരുന്ന തന്െറ വീട്ടിലെ അന്തരീക്ഷമാണ് അയ്യപ്പനെ സഹോദരന് അയ്യപ്പന്നാക്കിയത്.

ഒട്ടേറെ തവന ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം മന്ത്രിപദവിയിലു ഇരുന്നിട്ടുണ്ട്. ജീവിതകാല മുഴുവന് ജാതിവ്യവസ്ഥയ്ക്കെതിരായി ശബ്ദമുയര്ത്തിയ അയ്യപ്പന് **1968** മാര്ച്ച് **6**-ന് അന്തരിച്ചു.

## സൂചിമുഖിയുടെ മരണം

**ഒരു വലിയ പര്വ്വതത്തിനു കീഴിലുള്ള ഒരു വലിയ  മരത്തില് കുറെ കുരങ്ങന്മാര് ജീവിച്ചിരുന്നു.**

**വളരെ തണുപ്പുള്ള ഒരു ദിവസം**

കുരങ്ങന്മാരിലൊരുവന് എവിടെനിന്നോ കുറച്ച് മിന്നാമിനുങ്ങുകളെ കൊണ്ടുവന്നു. മറ്റുള്ളവര് കുറേ വിറകും സംഘടിപ്പിച്ച് മരത്തിനുകീഴെ വിറകുകൂട്ടി അതിനുള്ളില് മിന്നാമിനുങ്ങിനെയിട്ട ശേഷം എല്ലാവരും ചുറ്റും കൂടിയിരുന്ന് ഊതാന് തുടങ്ങി.

മിന്നാമിനുങ്ങിന് നിന്നും തീ വരുമെന്നാണ് അവര് കരുതിയിരുന്നത്.

ഇതെല്ലാം കണ്ടുകൊണ്ട് അടുത്തമരക്കൊമ്പില് ഇരുന്ന് സൂചിമുഖിപ്പക്ഷി പറഞ്ഞു.

"എടാ മഠയന്മാരെ, നിങ്ങള് എന്താണീ കാണിക്കുന്നത്. അത് മിന്നാമിനുങ്ങാണ്. അതില്നിന്നും തീയുണ്ടാവില്ല.”

ഈ തീ ഊതി വിഷമിച്ചിരുന്ന കുരങ്ങന്മാരിലൊരുവന് വിളിച്ചു പറഞ്ഞു.

" എടീ, നീ ഞങ്ങളുടെ കാര്യത്തിലിടപെടേണ്ട, അവിടെങ്ങാനും മിണ്ടാതിരുന്നാല് മതി.”

സൂചിമുഖി പറഞ്ഞതുകേള്ക്കാതെ അവര് വീണ്ടും ഊതാന് തുടങ്ങിയിരുന്നു. എത്ര ഊതിയിട്ടും തീ വരാതെ നിരാശനായിരുന്ന കുരങ്ങന്മാരോട് വീണ്ടും സൂചിമുഖി പറഞ്ഞു.

"എടാ കുരങ്ങന്മാരെ, ഇനിയും നിനക്കൊക്കെ നിര്ത്താറായില്ലേ. നിങ്ങള് എത്ര ഊതിയാലും അത് കത്താന് പോണില്ല.”

കുരങ്ങന്മാര്ക്ക് ദേഷ്യം ഇരച്ചുകയറി. കുപിതനായ കുട്ടിക്കുരങ്ങന് ഒറ്റച്ചാട്ടതിന് സൂചിമുഖിയുടെ കഴുത്തിന് പിടിച്ച് ഞെരിച്ചു. ശ്വാസംപോലും കിട്ടാതെ അവള് പിടഞ്ഞു വീണു

മരിച്ചു.

സൂചിമുഖിയുടെ ദാരുണമായ അന്ത്യത്തില് നിന്നും നമുക്കൊരു  കാര്യം മനസ്സിലാക്കാം.

"സ്വയം ബുദ്ധിമാന് എന്നു വിചാരിച്ച് നടക്കുന്നവനേയും യാതൊരു പ്രയോജനവുമില്ലാത്തതത്തിചെയ്യുന്നവനേയും നിരാശ ബാധിച്ചിരിക്കുന്നവനേ  ഉപദേശിക്കാന് മെനക്കെടരുത്." അത് ആപത്തു വിളിച്ചുവരുത്തുന്നതിന് തുല്യമാണ്.

നന്ദി